22. തലസ്ഥാന നഗരിയുടെ മനോഹാരിത നഷ്ടപ്പെടുത്തുന്ന പ്രവർത്തനം

ശ്രീ. പി. വിജയദാസ്: സർ, അങ്ങേയ്ക്കും കൂടി യോജിപ്പുള്ള കാര്യമാണ് ഞാൻ സൂചിപ്പിക്കുന്നത്. തലസ്ഥാന നഗരിയുടെ മനോഹാരിത നഷ്ടപ്പെടുന്ന പ്രവർത്തനം പല ഭാഗത്തുനിന്നും ഉണ്ടാകാറുണ്ട്. വളരെ ക്രൂരവും ഭാവനാശൂന്യവുമായ നടപടിയാണ് അക്കാര്യത്തിൽ ഉണ്ടാകാറുള്ളത്. കനകക്കുന്നുകൊട്ടാരം, വാട്ടർവർക്സ്, മ്യൂസിയം, നക്ഷത്രബംഗ്ലാവ് ഇവയെല്ലാം ഒരുമിച്ചുവരുന്ന പ്രദേശം തിരുവനന്തപുരം പട്ടണത്തിൽ അൽപ്പം പച്ചയുള്ള പ്രദേശമാണ്. ഇപ്പോൾ ആ നക്ഷത്രബംഗ്ലാവിന്റെ പരിസരം മുഴുവൻ ഇടിച്ചുനിരത്തി കോൺക്രീറ്റ് ശവകുടീരങ്ങൾ പണിയാനുള്ള നടപടികളെടുക്കുന്നുവെന്ന് അറിയുന്നു. ഈ പട്ടണത്തിന്റെ അവശേഷിക്കുന്ന മനോഹാരിതയും ശുദ്ധവായു ശ്വസിക്കാനുള്ള അൽപ്പം സ്ഥലവും നശിപ്പിക്കുന്ന നടപടി അവസാനിപ്പിക്കണം. ഈ ഗവൺമെന്റിന്റെ മുഖ്യമായ സ്വയം വലിച്ചുകീറിയതുപോലെ ഇല്ലാതാക്കരുത്. എന്ന് അഭ്യർത്ഥിക്കുന്നു.

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടിനഹ): സർ, ഇന്ന് പല ഓഫീസുകളും വാടകക്കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. അതുകൊണ്ട് ഒരു വലിയ കെട്ടിടം എട്ടുപത്തുകോടി രൂപ മുതൽമുടക്കി ഉണ്ടാക്കിത്തരണമെന്ന് വളരെ കൊല്ലങ്ങൾക്ക് മുൻപ് എൽ.ഐ.സി. യോട് ആവശ്യപ്പെട്ടിരുന്നു. ഇപ്പോൾ എൽ.ഐ.സി. ആ ഓഫർ സ്വീകരിച്ചുകൊണ്ട് മുന്നോട്ടു വന്നിരിക്കുകയാണ്. പല സ്ഥലവും പരിശോധിച്ച കൂട്ടത്തിൽ ഒബ്സർവേറ്ററി കാമ്പൗണ്ടും പരിശോധിച്ചു. അവസാനമായി സ്ഥലനിർണ്ണയം നടത്തിയിട്ടില്ല. അവർ ഈ സ്ഥലവും പരിശോധിച്ചിട്ടുണ്ട്. ഈ സ്ഥലം വേണമെന്ന് അവർ ആവശ്യപ്പെടുകയാണെങ്കിൽ അവിടെ താമസിക്കുന്നവർക്ക് യാതൊരു ബുദ്ധിമുട്ടുമുണ്ടാകാതെ അതിനാവശ്യമായ നടപടികളും സ്വീകരിക്കുന്നതാണ്.

23. മഞ്ചേരിയിലെ ജില്ലാ ആശുപത്രിയുടെ ശോചനീയാവസ്ഥ

ശ്രീ. എം.പി.എം. ഇസ്ഹാക്ക് കുരിക്കൾ: സർ, ഗുരുതരമായ രോഗം ബാധിച്ച് മരണശയ്യയിലേക്ക് നീങ്ങിക്കൊണ്ടിരിക്കുന്ന ജില്ലാ ആശുപത്രിയുടെ ശോചനീയമായ അവസ്ഥയിലേക്ക് മുഖ്യമന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുകയാണ്. മലപ്പുറം, ജില്ലാ ആശുപത്രി മഞ്ചേരിയിലാണ് സ്ഥിതിചെയ്യുന്നത്. അവിടുത്തെ രോഗികൾ കുടിവെള്ളത്തിനുപോലും ഇന്നും ആശുപത്രിയിൽ കിടക്കുന്നത്. വളരെക്കാലമായി മഴപെയ്താൽ ഒരുതുള്ളിയും പുറത്തുപോകാതെ ആശുപത്രിയ്ക്കകത്തുതന്നെ വീഴുന്ന ദുഃസ്ഥിതിയാണ് അവിടെയുള്ളത്. 20 ദിവസങ്ങൾക്കു മുൻപ് കാലിക്കട്ട് ഡഗ്ഗ്സ് ഇൻസ്പെക്ടറുടെ കയ്യിൽ നിന്ന് ഒരു ഉത്തരവ് ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ അവിടെയുള്ള രക്തബാങ്ക് ഇന്ന് നിർത്തൽ ചെയ്തിരിക്കുകയാണ്. അതിന്റെ ഫലമായി ഇന്ന് അവിടെ ഓപ്പറേഷൻ നടക്കുന്നില്ല. മാത്രമല്ല അനസ്തേഷ്യസ്റ്റിന്റെ തസ്തിക ഇന്ന് ഒഴിഞ്ഞുകിടക്കുകയാണ്. ഓപ്പറേഷൻ നടക്കാത്തതിന്റെ ഫലമായി ആ ജില്ലയിലെ ആളുകൾ വളരെ ബുദ്ധിമുട്ടുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി നടപടിയെടുത്ത് അവിടെ ഓപ്പറേഷൻ നടത്താനുള്ള സൗകര്യം ഉണ്ടാക്കിത്തരണം.

LIBRARY ARCHIVES Kerala Legislative Assembly